

# കറുപ്പനം

## ഹൃദയം പുകയുന്നു

ഒ. കെ. പി. ഗോപിക്കിര.

ഒന്നാംപതിപ്പ്
18-4-1954.

All Rights With the Publisher.
MRS. UMADEVI ANTARJANAM.

PRINTED AT THE
KESAVAVILASOM PRESS & PUBLISHING HOUSE
MANALIKARA.
S. TRAVANCORE-COCHIN

Price As 8.

# നിത്യയൗവനം
## സ്വയം
## വിമർശിക്കുന്നു.

[ഭാവനാട്യം]

1643

പരിഭാഷകൻ:
കെ. വി. മണലിക്കര.

## ശ്രീ. കെ. വി. യുടെ ഇതര കൃതികൾ.

| | | |
|---|---|---|
| ആത്മബോധം. | ... | 0-8-0 |
| അമ്മ | ... | 5-0-0 |
| ഡേഞ്ചർ ലൈററ് | ... | 0-6-0 |
| അവളുടെ കാമുകൻ | ... | 0-3-0 |
| മരണത്തിൻെറ നിറം | ... | 0-8-0 |
| വെള്ളിഡപ്പി | ... | 1-4-0 |

## അച്ചടിയിൽ

സ്വാതന്ത്ര്യദാഹം

വിശ്വരേഖ

സാമൂഹ്യരേഖ

ദർശനരേഖ

ശാസ്ത്രീയഭൗതികവാദരേഖ

ജവാനി

അബലയെ അപമാനിച്ചാൽ?

## എന്താണീ ഭാവനാട്യം?

ഭാവനാട്യം ഒരുതരം മാനസിക വിപ്ലവത്തിൻെറ ശക്തിമത്തായ പ്രത്യക്ഷപ്രവാഹമാണു്. അതിൽ സാമാന്യ നാടകങ്ങളിലെന്നപോലെ സംഭവബഹുലതയോ ഘടനാചാതുര്യമോ ഇല്ല. പരിതഃസ്ഥിതിയുടെ പ്രേരണനിമിത്തം തഴച്ചു വളരുന്ന വികാരങ്ങളുടെ ഇരമ്പിക്കയററമാണതിൻെറ സ്വഭാവം. പാത്രങ്ങളുടെ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നുയരുന്ന സംഘട്ടനങ്ങളാണു് ഈദൃശ നാടകങ്ങളുടെ ആത്മചൈതന്യം. ഭാവനാട്യത്തിൽ ശാരീരിക വ്യാപാരങ്ങളില്ല. ഉണ്ടെങ്കിൽ തന്നെ അതു് അങ്ങേയററം ലഘുവായിരിക്കും; കേവലം ആന്തരികസമരങ്ങളുടെ സാങ്കേതികമായ ഒരു പ്രദർശനമെന്നു് ചുരുക്കി പറയാം.

മണലിക്കര. പരിഭാഷകൻ.

20-10-1941.

## ചലനം ഒന്നു്

ഗംഗാതീരം

സന്ധ്യാസമയം

[നദീതീരത്തിലെ ഉപവനം. പ്രകൃതിയുടെ ഓമത്സന്താനങ്ങളായ രണ്ടു തരുണീരത്നങ്ങൾ പൂവിറുത്തുകൊണ്ടു് ചിത്രശലഭങ്ങളെപ്പോലെ അങ്ങിങ്ങു് ഓടിനടക്കുന്നു.]

ഇരുവരും:-

[പാടുന്നു]

മന്ദാരസൗരഭ്യ ശീതളമാരുതൻ
മന്ദമെൻ മെയ്യിൽ തലോടിനില്പൂ.

തൂമണംവീശുന്ന പൂക്കളിരുക്കവാ
നാമോദം പോരുക, പോരു സഖീ!

കുമാരി: -

ദേ, അങ്ങകലെ നോക്കു, സന്ധ്യാകുമാരി, നീലിമപൂതച്ച പർവ്വതശിഖരങ്ങളിൽ മിന്നിത്തിളങ്ങുന്ന മംഗളവസ്ത്രം വിരിക്കുന്നു,

ഭൂമുഖത്താകെ ബിഹാഗ്രാഗംമുഴക്കുന്നു, വിടിരുവാൻ വെമ്പൽകൊള്ളുന്ന നിശാഗന്ധിയുടെ ഇളം മൊട്ടുകൾക്ക് അനുരാഗമധു പകന്നു കൊടുക്കുന്നു!

ദേ, അവിടെ നോക്കു.

പക്ഷികളുടെ തേനോലുന്ന സന്ദേശഗീതങ്ങൾ പൂന്തേനരുവി പോലെ ഒഴുകിയൊഴുകി അനന്തതയിൽ ലയിക്കുന്നു. സായാഹ്നസഖി പ്രേമത്തിൻെറ ചെറുതരംഗവലയങ്ങൾ വീശിവീശി മറയുന്നു!

പിച്ചിമലരുകൾ വിടരുമ്പോൾ,
മന്ദമാരുതൻ ഇക്കിളിയിടുമ്പോൾ,

ഓടിവരു,
ഓടിവരു;
പൂവിറുക്കാം,
പൂവിറുക്കാം.

ലതിക:-

[സന്ധ്യയുടെ സൗന്ദര്യത്തിൽ മയങ്ങിയപോലെ]

സഖി! ഇവിടെവരു, ഇവിടെ വരു. കപ്പൂരപ്പൊടി വിതറിയപോലെ എന്തൊരുവെണ്മ ഈ മണൽപരപ്പിന്! ഇതാ ഇതാ, ബാലമാരുതൻ ഇക്കിളിയിടാൻ വരുന്നു! കുസുമവദനങ്ങളുയത്തി വള്ളികൾ ചാഞ്ചാടുന്നു. ഈ നദീതീരം, സഖി, സായാഹ്നത്തിൽ സുപ്രഭാതം പോലെ പ്രശോഭിക്കുന്നു. ഈ രക്തരശ്മികൾ ആശകളെ ആകർഷിച്ച് തത്തിക്കളിക്കുന്ന ചെറുതരംഗങ്ങളിൽ അലിയിച്ചുചേക്കുന്നു. ഇവയുടെ ഗാനകോലാഹലം പ്രകൃതിയുടെ

ഓരോ രംഗത്തിനും വിവിധ രാഗങ്ങ ൾ പൂശുന്നു. മാധവീലതകൾ രാത്രിയു ടെ അധരപുടങ്ങളിൽ പൂമ്പൊടി പു രട്ടുന്നു! ഹാ—എന്തൊരാനന്ദം!

കുമാരി: –

[അല്പം നിന്നിട്ട്]

ഞാൻ എന്നും കാണുന്നുണ്ട് സഖി, നീലാകാശത്തിൽ നക്ഷത്രങ്ങളുടെ ദു മന്ദഹാസം. വസുന്ധരയുടെ നെററി ത്തടത്തിലെ കുങ്കുമപ്പൊട്ടിന്റെ പ്രതി ബിംബമല്ലെ ആ രക്തതാരക? അതി ൻെറ ഒളിതിരട്ടുന്ന പ്രകാശം! എ ന്തൊരു ചുവപ്പ്! അല്പം വെളുത്ത് ഇളം മഞ്ഞനിറം കലർന്ന നേരിയ രശ്മികൾ വലയം ചെയ്തിരിക്കുന്നതു ക ണ്ടോ ആ ചന്ദ്രക്കലയെ? കൊയ്തെടുത്ത നെൽക്കതിരുകളാൽ ആവരണം ചെ യ്യപ്പെട്ട അരിവാളിൻെറ മാഹാത്മ്യ ത്തെയല്ലെ അതുൽഘോഷിക്കുന്നത്? അതെ, അത് മൃദുലവികാരങ്ങളാൽ നെയ്തെടുത്ത എൻെറ ഹൃദയപടത്തി ൽ അതിന്റെ മുദ്ര കുത്തിക്കഴിഞ്ഞു!

[അത്ഭുതാധീനയായി]

പ്രിയപ്പെട്ട സഖീ!

ഇന്നു് എൻെറ മനസ്സിനു് തീരെ സുഖമില്ല, ഒരു വല്ലായ്മ. അതോ പ്രകൃതിയുടെ മനസ്സിനോ? തിളച്ചുപൊങ്ങുന്ന യൗവ്വനത്തിന്റെ തിരമാലകളോട്ട് ലോകത്തിൻെറ മനോഭാവമെന്തായിരിക്കും?

എന്നെ ഉരസിക്കൊണ്ടു് ആരോ പെട്ടെന്നു് എണീക്കുന്നു, കിടക്കുന്നു; വീണ്ടും എണീക്കുന്നു. അതാരാണു്, മനസ്സിലാകുന്നില്ല. എന്റെ മാനസതന്ത്രികൾ മീട്ടി രാഗമാലപിക്കാൻ ആരോ വരികയാണു്! അതാരെന്നു പറയുമോ സഖി, അതാരാണു്? ഹൃദയത്തിൻെറ അടിത്തട്ടിൽനിന്നു് വികാരത്തിൻെറ കുമിളകൾപൊന്തിവരുന്നു! അതിൻെറ ചലനവേഗം ശരീരമാകെ കുളിരിളക്കുന്നു! ഇതെങ്ങനെ, ഇതെങ്ങനെ? ഭാവനയിൽനിന്നു് പ്രേരണയുടെ, പ്രാണനിൽനിന്നു് മനസ്സി

ൻ്റ അനശ്വരസമാഗമമോ! അ
ത്ഭുതം...! സഖി! നിലയ്ക്കാത്തനീരോ
ട്ടംപോലെ അതെന്നെ തഴുകിത്തഴുകി
വിവശയാക്കുന്നു.

ലതിക:–

[സവിസ്മയം]

നിൻ്റെ കോമളഹൃദയത്തിൽ ഒളി
ഞ്ഞിരുന്നു് മൗനഗീതം പൊഴിക്കുന്ന
താരു്? എനിയ്ക്കൊന്നും മനസ്സിലാകു
ന്നില്ല. മനോഹരമായ താമരനൂലിൽ
കോർത്ത മഞ്ഞുതുള്ളിപോലെ സ്ഫ
ടികശോഭയുമേന്തി ഞാൻ എന്തു ചെ
യ്‌വാനാണു് ഭൂമിയിലേക്കു് വന്നിരി
ക്കുന്നതു്?

കുമാരി;–

[ഉന്മത്തയായി]

സഖി!

എനിയ്ക്കെന്തോപോലെതോന്നുന്നു!
ഇതെങ്ങനെ സംഭവിച്ചു? എൻ്റെ
സകല ആശകളുടേയും അതിരുകൾ

തകരുന്നു, എന്റെ അഭാവത്തിന്റെ പ്രത്യക്ഷത്തിലെന്നപോലെ. ഇല്ല ഇല്ല, ഞാൻ ഉണ്ട്, തീച്ചയായുമുണ്ട്.

ലതിക:-

അതെ അതെ, ഇതു്......

കുമാരി:-

ഇതെന്തു്......

ലതിക:-

കുളിരിളക്കുന്ന രോമാഞ്ചം!

കുമാരി:-

ഈ രോഗം ഇങ്ങനെയാണോ? ഇതിനു് വല്ല ഔഷധവുമുണ്ടോ? ഇല്ല, യാതൊരൗഷധവുമില്ല. അസാദ്ധ്യമെങ്കിൽ ഞാനെങ്ങനെ പറയും? നീതന്നെപറയൂ, ഉം, പറയൂ സഖി!

ലതിക:-

തള്ളിക്കയറുന്ന ജലപ്രവാഹവുമായി ഈ നദി അതിന്റെപാട്ടിനു്കുത്തിയൊലിച്ചു്ഒഴുകുന്നു;ഒഴുകിക്കൊള്ളട്ടെ.

കുമാരി:-

ദുഃഖമോ ലക്ഷ്യമോ ഇല്ല, സ്വരമോ ലയമോ ഇല്ല, അങ്ങനെ ഒരേ വിചാരത്തിൽ, ഒരേഗതിയിൽ; അതുപോലെ ഞാനും അങ്ങനെ ഒഴുകുകയാണു്. പക്ഷേ ഞാൻ ഒരു മുക്കുവത്തി, തോണിക്കാരൻെറ മകൾ; അവളുടെ ജോലി തോണികടത്തൽ, അല്ലേ?

[ആലോചിച്ചിട്ടു്]

തിരമാലപോലെ ഞാൻ സ്വതന്ത്രയാണു്, പുതുതായി വിടൎന്ന പൂങ്കൊത്തുപോലെ പരിശുദ്ധയാണു്. സാധനയുടെ പെരും ചുമട്ടുമേന്തി ഞാൻ ഒഴുകുകയാണു്. ഈ ചെറുതരംഗങ്ങൾ സ്നേഹത്തിൻെറ സോപാനങ്ങളാണു്, ഇതാണു് നിത്യ പ്രകാശം, ഇതാണു് പ്രേമത്തിൻെറ വെളിച്ചം... ഇതിൽക്കൂടി മാത്രമേ വിശ്വപ്രേമത്തിൻെറ വിലോലതന്ത്രികൾ മീട്ടി ലോകത്തെ പുളകം കൊള്ളിച്ചുകൊണ്ടു് ലക്ഷ്യത്തിലെത്താൻ പറ്റൂ.

ലതിക:-

'ആ ദിവ്യശക്തി പഠിപ്പിച്ചു'

നിൻെറ അന്തഃപ്രചോദനത്തെ-ഹൃദയത്തിന്റെ സന്ദേശങ്ങളെ-ബഹുമാനിക്കുക. ഞാൻ വെറും തുച്ഛം. ഒന്നുമൊന്നുമറിയാത്ത മൂഢയാണു്. എന്റെ ആഗ്രഹം മറെറാന്നുമല്ല, എനിക്കൊരു പുഷ്പമാലികയാവണം, ശീതളച്ഛവിയൊഴുക്കുന്ന വെൺതിങ്കളാവണം, വിശാലവിഹായസ്സിൽ മിന്നിത്തിളങ്ങുന്ന വെള്ളിനക്ഷത്രമാവണം, നിൻെറ മൃദുലഹൃദയത്തെ വിശ്വപ്രേമത്തിന്റെ കലവറയാക്കണം ...അങ്ങനെ... അങ്ങനെ...

[പൂവിറുത്തുകൊണ്ടു് സാവധാനം നടന്നുമറയുന്നു.]

[ഉടലെടുത്ത ആനന്ദംപോലെ പുഞ്ചിരിപ്പൂനിലാവു പൊഴിച്ചുകൊണ്ടു് ഒരു മനോഹരരൂപം മന്ദംമന്ദം ദൃശ്യമാകുന്നു.]

കുമാരി:-

അങ്ങാരാണു്?

രൂപം:-

ഞാൻ അനംഗനാണ്.

കുമാരി:-

എന്താണങ്ങയുടെ പ്രവൃത്തി?

രൂപം:-

നേരിയ ഹൃദയചലനമുണ്ടാക്കുക.

കുമാരി:-

ഇത്ര സുകുമാരനായ താങ്കൾ...

രൂപം:-

ഹൃദയസ്മിതംപോലെ! ഞാൻ സുമങ്ങളുടെ മാദകരസമാണ്. കളകോകിലങ്ങളുടെ മധുരസംഗീതമാണ് ഞാൻ.

കുമാരി:-

അപ്പോൾ ഇഷ്ടജനങ്ങളിൽ...?

രൂപം:-

കോടാനകോടി വസന്തത്തിൻെറ മന്ദഹാസം, ലക്ഷോപലക്ഷം ആനന്ദജീവിതത്തിന്റെ പ്രവാഹം, ആഹ്ലാദം! പ്രണയവിവശമായ ഹൃദയങ്ങളുടെ അവർണ്ണനീയമായ ഗീതാലഹരി!

കുമാരി:-

താങ്കളെ കണ്ടപ്പോൾ എൻെറ പ്രാണൻ പുതിയ ആശകളുമായെത്തിക്കഴിഞ്ഞു. എത്ര സുമുഖനാണ് താങ്കൾ! ബാല്യത്തിൻേറയും യൗവ്വനത്തിൻേറയും സമ്മോഹനസമ്മിശ്രണം! പ്രകൃതിയുടെ വിസ്മയാവഹമായ കലാവിലാസം! പുലരിയുമായി ചേർന്ന ബാലരവിപോലെ താങ്കളുടെ സാന്നിദ്ധ്യം എന്നിൽ ഹൃൽപുളകം ചേർക്കുന്നു.

[അർദ്ധസ്വരത്തിൽ]

മിന്നലിൻെറ കണ്ണഞ്ചിക്കുന്ന സുവർണ്ണരേഖ മൂർത്തീകരിച്ചുവോ ഈ ലോകത്തിനു് വെളിച്ചം പൂശുവാൻ, സുഖത്തെ ആനന്ദത്തിൻെറ മടിത്തട്ടിൽ ഇരുത്തുവാൻ......അതെ , വിശ്വപ്രേമം തന്നെ ഉടലെടുത്തിരിക്കുന്നു!

രൂപം:-

പ്രിയെ! ഈ യൗവനം നിസ്സീമമാണു്, വിശാലമാണു്, അതിൻെറ വെളിച്ചത്താണു് ലോകം പുരോഗമിക്കു

ന്നതു്. അതിന്റെ സുധാംശുക്കൾ ജീവജാലങ്ങളെ ഒന്നടങ്കം ഉന്മേഷഭരിതമാക്കുന്നു. ഏതു തപകടംപിടിച്ച പ്രശ്നങ്ങൾക്കും ഒരു പോംവഴി അതിൻെറ പക്കലുണ്ടു്. അതിൻെറ തീക്ഷ്ണരശ്മികൾ തട്ടി ചിന്നിച്ചിതറിയ ക്രൂരതകളുണ്ടു കൾ കല്ലറിരൂപംപൂണ്ടു് ഇടയ്ക്കിടെ പുറത്തു തല നീട്ടുകയാണു്. സ്വാത്ഥത്തിൻേറയും ധനപ്രമത്തതയുടേയും ചതിയുടേയും കരിനിഴലുകൾ കടലിൻെറ അടിത്തട്ടിലടിഞ്ഞുകഴിഞ്ഞു, ഇങ്ങിനി ഉയരാനാവാത്തവണ്ണം.

പ്രിയെ! ഓമനെ!

ഇതാ, ആ യൗവ്വനം സോല്ലാസം നിനക്കു സ്വാഗതമരുളാൻ എത്തിയിരിക്കുന്നു. അതിനെ ആശ്ലേഷിക്കൂ. ആ ആനന്ദലഹരി ആസ്വദിക്കൂ.

[മറയുന്നു.]

കുമാരി:–

[ഉണർന്നവളെപ്പോലെ]

എവിടെ ആ നിഴൽചിത്രം? പ്രിയ

പ്പെട്ട ആ നിഴൽചിത്രം എവിടുന്നു വന്നു? എന്നോടെന്തൊക്കെ പറഞ്ഞു! ഹാ-ഞാൻ കേട്ടില്ല.. ഒന്നും കേട്ടില്ല... കണ്ടു... കണ്ടു... നല്ലവണ്ണം തെളിഞ്ഞുകണ്ടു. വെറും നിർവ്വികാരമാണ് ആ ഛായ, അങ്ങേയറ്റം നിരുപമമാണ്. കഷ്ടം! ഇല്ല, ഓർക്കുന്നില്ല; എന്താണു പറഞ്ഞതു്? ഛായ്, അശേഷം ഓർക്കുന്നില്ല... ഇല്ല...

[ആലോചനയോടെ കൺമിഴിച്ചു് ചുറ്റും അമ്പരന്നു നോക്കുന്നു.]

അയ്യോ!...ഇതെന്തു്!...ഭൂമി കറങ്ങുന്നോ?

[ശരീരത്തിൽ നോക്കിക്കൊണ്ടു്]

എന്തു്...രോമാഞ്ചം!...നല്ലസൗന്ദര്യം... കിളിക്കൊഞ്ചൽപോലെ മധുരമധുരമായ സംഭാഷണം, മിന്നൽവെളിച്ചംപോലെവന്നു; പോയി, എത്ര ക്ഷണത്തിൽ! ഉത്സാഹംപോലെ പ്രത്യക്ഷമായി, തിരമാലപോലെ അലി

ഞ്ഞുചേൻറു, ബാഷ്പംപോലെ വേർ പെട്ടു! എൻെറ ജീവിതേശാ...

[ലതിക മന്ദമന്ദം വരുന്നു.]

ലതിക:-

നിനക്കെന്തുപററി? ആരു്? എവിടെ? ഞാനൊന്നും കണ്ടില്ല.

കുമാരി:-

എൻെറ ജീവൻ...എൻെറ പ്രിയപ്പെട്ട ജീവൻ... അനുരാഗത്തിൻെറ അരുണിമ പുരണ്ട കവിൾത്തടങ്ങൾ... പുഞ്ചിരിയോടെ ഓടിക്കളിച്ചുല്ലസിക്കുന്ന കരിമിഴികൾ... ഹാ... ആ അനശ്വരയൗവനം എന്തുകൊണ്ടെനിക്കു തന്നില്ല? ആ അഭിമാനം എന്തുകൊണ്ടു് പ്രദാനം ചെയ്തില്ല? ആ സാധനയും.

[ശൂന്യതയിലേക്കു് നോക്കി]

തരൂ, പ്രിയതമ! തരൂ. അവിടുത്തെ ഇഷ്ടം അഭിശാപമാണെങ്കിൽ അതെങ്കിലും തരൂ, പ്രിയ...

ലതിക:-

വരൂ, പോകാം...പോകാം...

കുമാരി:-

എന്റെ കാലുകൾ കുഴയുന്നു. ആശകളുടെ അവിരാമമായ ആവർത്തനം!!
എന്റെ മനസ്സു പതറുന്നു... ഹാ...
സഖി... ഞാൻ തളർന്നുപോയി.

## ചലനം രണ്ടു്

പ്രദോഷസമയം

കുമാരി:-

[കയ്യിൽ തൊഴയുമായി തോണിക്കരുകിൽ]

ഈ കെട്ടു്··· ഈ കെട്ടു് പൊട്ടുമോ? മായാത്ത മായാജാലം അന്നു ഞാൻ കണ്ടു, മതിയാവോളം കണ്ടു··· ഹ ഹ···അതിരററ ആനന്ദം!

[കുറെ നിമിഷങ്ങൾ കഴിഞ്ഞു്]

ഈ തൊണ്ടപൊള്ളിക്കുന്ന ദാഹം-

കത്തിക്കാളുന്ന ദാഹം! ശമിക്കയില്ലേ? ചുട്ടുപഴുത്ത ചങ്ങലകൊണ്ടു് ആരോ എന്നെ നിർദ്ദയം വരിയുന്നു! എന്റെ പ്രാണൻ പിടച്ചുതുള്ളുന്നു! ഈ ചന്ദ്രൻ എന്തുകൊണ്ടു് അമൃതരശ്മികൾ ചൊരിയുന്നില്ല? തേനുണ്ടുനടക്കുന്ന വണ്ടിൻനിരകൾ എന്തുകൊണ്ടു് മൂളിപ്പാട്ടു പാടുന്നില്ല? ധ്രുവനക്ഷത്രം എന്തിത്രമങ്ങിവിളത്തിരിക്കുന്നു? എന്തൊരു വൈപരീത്യം! പ്രകൃതിയുടെ വികൃതി!

[പിരിച്ചുകെട്ടിയ ജടയും നാഭിയോളം വളൎന്ന താടിയുമായി ഒരാൾ വരുന്നതുപോലെ അവൾക്കനുഭവപ്പെടുന്നു.]

ആഗതൻ:–

അക്കര കടക്കണം.

കുമാരി:–

[പരിഭ്രമിച്ചു് സ്വഗതം]

[ങെ...ങെ.. ഇതാരു്? യൗവനം മിത്ഥ്യയാണോ? മനുഷ്യാഭിലാഷത്തിന്റെ ആളിക്കത്തലാണോ ഇതു്?]

അവിടുത്തേക്ക് നമസ്കാരം! അച്ഛൻ ഈ ജോലി എന്നെ ഭരമേല്പിച്ചിരിക്കയാണ്. ഒരു തോണിക്കാരൻെറ മകളായ ഞാൻ മൂർഖയും വിമൂഢയുമാണ്.

ആഗതൻ:-

നന്നായി! പറയൂ, ആരാണ് മൂർഖൻ, ആരാണ് മൂഢൻ ഇവിടെ? പ്രകൃതിശക്തി നമ്മെ പഠിപ്പിക്കുന്നു, പ്രപഞ്ചം മുഴുവൻ അമൂല്യമാണെന്ന്, ബഹുമാനിക്കപ്പെടേണ്ടതൊന്നാണെന്ന്. അക്കരകടത്തൂ ഓമനെ, വേഗംവേഗം.

കുമാരി:-

ആട്ടെ ആട്ടെ, പക്ഷെ...

ആഗതൻ:-

എന്തു 'പക്ഷെ', അതിൻെറ അർത്ഥം?

കുമാരി:-

ജീർണ്ണിച്ച തോണി, കീറിപ്പറിഞ്ഞ

പാമരം, ശക്തിയായ കാററു്. ഞാനെങ്ങനെ...?

ആഗതൻ:-

ആട്ടെ കൊണ്ടുവരൂ, എനിക്കു് ഇപ്പോഠം തന്നെ അക്കര കടന്നേതീരൂ. വേഗമാകട്ടെ.

## ചലനം മൂന്ന്

[പശ്ചിമാംബരത്തിൽ കുങ്കമച്ചാറ തളിച്ചുകൊണ്ട് മന്ദമന്ദം താഴുന്ന നേരിയ പ്രകാശം സാവധാനം സങ്കുചിതമാവുകയാണ്.]

[ഒരു തോണിയിൽ ആഗതൻ ഇരിക്കുന്നു. കുമാരി തോണി തുഴയുന്നു. എങ്ങും ഒരു നിശ്ശബ്ദത. "ഛപ്.... ഛപ്" തൊഴ വെള്ളത്തിൽ തൊടുന്ന ശബ്ദം ഇടയ്ക്കിടെ ആ നിശ്ശബ്ദതയെ ഭേദിക്കുന്നുണ്ട്.]

കുമാരി:–

ഇതു ന്യായമല്ല പ്രഭോ. ദുസ്സ്വഭാവ

മല്ലെ, അപകടം പിടിച്ച ഒന്നല്ലെ അതു്? ഇതു് ഞാനെങ്ങനെ സ്വീകരിക്കും? അധഃകൃതബാലികയാണെങ്കിലും സമുദായത്തിന്റെ കണ്ണുരുട്ടൽ എന്നെ ഭയപ്പെടുത്തുന്നു, ഇതെങ്ങനെ... അവിടുന്നുതന്നെ ഒന്നാലോചി...

ആഗതൻ:-

ശരിയാണു്, സമുദായനിയമം അതികർക്കശം തന്നെ. പക്ഷെ സമുദായത്തെ സൃഷ്ടിച്ചതു് ആരാണു്? ഈ മനുഷ്യനല്ലെ? അതിനെ ഉരുക്കിവാർത്ത അതെ കൈകൾതന്നെ ചിലപ്പോൾ അതിനെ വീണ്ടും ഉടച്ചുവാർക്കുന്നു. മനുഷ്യന്റെ പ്രേരണയുടെഫലമാണു നിയമം. വരൂ ഓമനെ, ഇന്നത്തെ ദുഷിച്ചനിയമങ്ങൾസകലതും വലിച്ചെറിഞ്ഞു് സ്വാതന്ത്ര്യയാവൂ. നാം തമ്മിൽ ഒരുമിക്കണം. നമ്മളൊന്നാവണം. വരൂ, നാണിക്കരുതു്, നമ്മുടെ ഹൃദയസമാഗമം അടുത്തുകഴിഞ്ഞു. വരൂ, അതൊരു സ്വാതന്ത്ര്യപ്രേമമായി ഉയരട്ടെ. അങ്ങനെ ഒരു പുതിയ നിയമം സ്വാത

ന്ത്രമായി സ്നേഹിക്കാനുള്ള നിയമം-നടപ്പിലാവും. അതു് നാം നടപ്പിൽ വരുത്തുക. പ്രാണൻ ജീർണ്ണിച്ച ബന്ധനത്തിൽ എപ്പോഴാണു് ഉറച്ചു നിന്നിട്ടുള്ളതു്? ഉഷ്ണരശ്മികൾ വീശി വിശ്വത്തിനു് പ്രകാശം കൊടുക്കുന്ന സൂര്യഗോളം മങ്ങിയെരിഞ്ഞു മറയുന്നു.

കുമാരി:-

പക്ഷെ, ഹിതാഹിത ഭാവങ്ങളാണു് നിയമങ്ങളുടെ അസ്ഥിവാരം. ആ നിയമങ്ങൾ തന്നെയാണു് സമുദായത്തിൻെറ അടിക്കല്ലും. അവിടുന്നരുളിയതു് അറിവില്ലാത്തവരുടെ നീചപ്രവൃത്തിയാണു്. എന്നാൽ അവിടുന്നാണെങ്കിൽ അറിവിന്റെ കലവറയാണു്, മഹാനാണു്. ഞാനോ, വെറും ദീനയായ തരുണി, അജ്ഞ-മൂഢ...

ആഗതൻ:-

[വിചാരത്തിൽ മുഴുകി]

കഷ്ടം! പറയൂ പ്രിയെ, ധർമ്മം വിശ്വ

ലമാണ്. സാധാരണന്മാക്ക് അതൊരപവാദമല്ല. സൃഷ്ടി മൂലധർമ്മമാണ്; പ്രകൃതി മൂലകർമ്മവും. ശ്രദ്ധ ഭക്തിയുടേയും സമുദായം ഫലത്തിൻെറയും ആണിക്കല്ലാണ്. നീ അറിയുന്നില്ല ധർമ്മം വളരെ ഗഹനമാണെന്ന്, ഈ 'തരണം' അവിചാരിതവും വിഷമമേറിയതുമാണെന്ന്. ഇന്ന് മനുഷ്യൻ അതിനെ ധർമ്മമായി മാനിക്കുന്നു. നാളെ അതുതന്നെ സംഭവിക്കുന്നു ഈ ലോകത്ത്.

കുമാരി:-

പ്രഭോ, ഏതൊന്നിന്റെ സംയോഗം എവിടെ ഏതിനോടു് സംഭവിക്കുന്നു അതുതന്നെ സ്വകൃതഫലം ആസ്വദിക്കുന്നു. അവിടുന്നു ക്ഷമിച്ചാലും. മൂഢയാണെങ്കിലും ഞാൻ സ്വയം എന്നെ അറിയുന്നുണ്ടു്, എൻെറ കർത്തവ്യത്തേയും. സ്ത്രീയുടെ രൂപം സുഖത്തിൻെറ പിന്നിൽ ഒളിച്ചിരിക്കയാണ്-എണ്ണമററ അപവാദങ്ങൾ, എണ്ണമറ്റ യാതനകൾ. അതിവേഗത്തിലാണ് വാസ

നയുടെ പ്രവാഹം; അവിടെ കൃത്യ ശമനം വളരെ ഭീമമാണ്. അവൾ പ്രലോഭനങ്ങളുടെ– ആകർഷണങ്ങളുടെ വിജയസ്തംഭമാണ്. അവൾ ചന്ദ്രികാധവളിതമായ ചിത്രപടമാണ്, ഒരു ചെറിയ ബിന്ദുപാതംപോലും അതിന് കളങ്കമാണ്. അകാമ്യഗതി വെറും നിസ്സാരം. സാമൂഹ്യനിയമങ്ങൾ വലിച്ചെറിഞ്ഞു് സ്വാതന്ത്ര്യയാവുക, അതും പ്രയാസമില്ല. ഈ കാലഘട്ടം വികാസത്തിന്റേതാണ്. ദുഷ്കീർത്തിയും ദുഷ്പ്രവാദവും തോളിലിരുന്ന് അവളെ ജീവനോടെ കടിച്ചുതിന്നുന്നു. പണ്ടുപണ്ടേയുള്ള പൊളിഞ്ഞ കെട്ടുപാടുകൾ അറുത്ത് അങ്ങേയറ്റം സ്വാതന്ത്ര്യയായി എന്റേതല്ലാത്ത മാർഗ്ഗത്തിൽക്കൂടി ഞാനെന്തിനു സഞ്ചരിക്കണം?

ആഗതൻ:–

ഉച്ചനീചത്വമില്ല, പാപമോ പുണ്യമോ ഒന്നുമില്ല. കർമ്മാകർമ്മങ്ങളില്ല. എന്റെ പ്രിയേ, ലോകത്ത് അരക്കിട്ടുറപ്പിച്ചതല്ല. നിയമനിർമ്മാണത്തി

ൻ്റ അടിത്തറ എല്ലാം അപേക്ഷാകൃതമാണ്, സംഭവ്യവും അസംഭവ്യവുമാണ്, അധീനമാണ് സമർത്ഥനായ ഒരുവൻ മഹാൻതന്നെ. ഇവിടെ സമുദായത്തെ കെട്ടിപ്പട്ടുക്കാൻ നിയമങ്ങളുണ്ട്, അവ ലഘുവുമാണ്. കൊച്ചരുവികൾ വിധിയുടെ ചുമട്ടുമേന്തി ഒഴുകുന്നു. എങ്കിലും വർഷകാലത്ത് അതു് ബന്ധനങ്ങളെ തള്ളിമാററുന്നു. മദ്ധ്യാഹ്നത്തിലെ ഭുവനഭാസ്കരന് എന്തെങ്കിലും നിയമമുണ്ടോ? സ്ഥിതിസമത്വത്തിനുവേണ്ടി മുറവിളി കൂട്ടുന്നു! പക്ഷെ ഭൂധരങ്ങളുടെ ഉച്ചനീചത്വം അവസാനിക്കുന്നോ? ഉയർന്നവരുടെ നിയമം അതേ ഉയർച്ചയിൽ തന്നെ സ്ഥിതി ചെയ്യുന്നു; താണവരുടേതു് താണ നിലയിലും. മനുഷ്യൻ അനിർവ്വചനീയനാണ്. അവൻ്റ്റ്യമാണവൻ്റ വിജ്ഞാനം. പ്രിയെ! മനുഷ്യനാണ് ലോകത്തിൻ്റ സ്പന്ദനം. ഓമനെ! വരു, ഈ കൃത്യം നിർവ്വഹിക്കൂ, ഭാവി ലോകത്തെ പ്രകാശമാനമാക്കുന്ന ഒരു വെള്ളിനക്ഷത്രത്തിൻ്റ നവോദയം

സുനിശ്ചിതമാണു്.

കുമാരി:–

അപ്പോൾ പ്രിയതമാ, കന്യകാത്വം...?

ആഗതൻ:–

അതിനു കളങ്കമില്ല പ്രിയെ!

കുമാരി:–

മാനിക്കപ്പെട്ടുമോ?

ആഗതൻ:–

അതു് സദാ നിർദ്ദോഷമാണു്, പാപരഹിതമാണു്.

കുമാരി:–

മധുരയൗവനം എങ്ങനെ രക്ഷിക്കും? അതിരറ്റതായിരിക്കുമോ സുഖം?

ആഗതൻ:–

പ്രിയെ, ഈ നിത്യയൗവ്വനത്തിന്റെ സാധനനിന്നിൽതുളുമ്പിനില്ക്കുന്നുണ്ടു്.

കുമാരി:-

ഞാൻ ഒന്നു വിചാരിച്ചിരുന്നു, അതു് തെറ്റായിരിക്കുമോ— മനോമോഹനനായ ഋതുരാജൻ എന്തുകൊണ്ടു് ഒരുപോലെ ആകല്പാന്തം പ്രശോഭിക്കുന്നില്ല? ഈ ജഹ്നുകന്യ യൗവനയുക്തയായി വിലാസലഹരിയിൽ സദാ നീന്തിക്കളിക്കുന്നു... അതുപോലെ എൻെറ യൗവ്വനവും എന്തുകൊണ്ടു്... പ്രിയതമാ ..

[ലജ്ജകൊണ്ടു് അർദ്ധനിമീലിതമായ നയനങ്ങളോടെ മുഖം കുനിച്ചു് ഇരിക്കുന്നു]

ആഗതൻ:-

അനശ്വരമായ വിശ്വസൗന്ദര്യം നിനക്കു കൈവരും. പക്ഷെ, പ്രിയെ! പ്രിയൻ സദാ പ്രിയനായിരിക്കയില്ല.

കുമാരി:-

നാഥാ, അതെനിക്കിഷ്ടമാണു്.

ആഗതൻ:-

അങ്ങനെയാവട്ടെ, അങ്ങനെയാവട്ടെ.

കുമാരി:-

അങ്ങനെയാവട്ടെ പ്രിയതമാ...

[പൊടുന്നനവെ ഇരുൾ വ്യാപിക്കുന്നു. തോണി നിശ്ചലവുമാവുന്നു. രണ്ടു ശബ്ദതരംഗങ്ങൾ ഉയരുന്നു.]

[നേരിയശബ്ദം]

നാഥാ...കന്യകാത്വം...

[കനത്തശബ്ദം]

അതിനു കളങ്കമില്ല പ്രിയെ!

[നേരിയശബ്ദം]

മാനിക്കപ്പെട്ടുമോ?

[കനത്തശബ്ദം]

അത് സദാ നിർദ്ദോഷമാണ്, പാപരഹിതമാണ്.

[നേരിയശബ്ദം]

മധുരയൗവനം എങ്ങനെരക്ഷിക്കും?
അതിരറ്റതായിരിക്കുമോ സുഖം?

[കനത്തശബ്ദം]

ഈ കൃത്യം നിർവ്വഹിക്കു—
നമ്മുടെ സ്വാതന്ത്ര്യപ്രേമം സഫലമാ

കട്ടെ. ഭാവിലോകത്തെ പ്രകാശമാനമാക്കുന്ന ഒരു വെള്ളിനക്ഷത്രത്തിന്റെ നവോദയമാണതിൻെറ അനുഗ്രഹം. അതു് സുനിശ്ചിതമാണു്.

[ശബ്ദം ക്രമേണ കുറയുന്നു]

[നേരിയശബ്ദം]

അപ്പോൾ...എന്റെ ..യൗവനം...

[കനത്തശബ്ദം]

അതിരററ സമ്പൽസമൃദ്ധിയോടു കൂടി നിനക്കു ലഭിക്കും. അതനശ്വരമായിരിക്കും. പക്ഷെ, പ്രിയെ, പ്രിയൻ സദാ പ്രിയനായിരിക്കയില്ല.

[നേരിയശബ്ദം]

നാഥാ! അതെനിക്കിഷ്ടമാണു്.

[കനത്തശബ്ദം]

അങ്ങനെയാവട്ടെ, അങ്ങനെയാവട്ടെ.

[നേരിയശബ്ദം]

അങ്ങനെയാവട്ടെ പ്രിയതമ....

## ചലനം നാലു്

കുമാരി:–

[ഏകാകിനിയായി അതേ നദീതീരത്തിൽ]

എന്താണുണ്ടായതു്, ഓർക്കുന്നില്ല. ഒന്നും. എന്തായാലും ഇന്നൊരു നവചൈതന്യം എന്നിൽ ഒളിവീശുന്നുണ്ടു്. ലോകത്തിനൊരു പുതുമ! എങ്ങും ഒരാനന്ദം! പച്ച പുതച്ചു് കുഴഞ്ഞാടുന്ന വള്ളികളും ചെടികളും! കാർമേഘവേണികൾ വകുത്തുകെട്ടി താരകാകുസുമങ്ങൾ ചാർത്തുന്ന ദിഗ്വധൂടികൾ! മാദകലഹരിയിൽ പുളക

ച്ചാർത്തണിഞ്ഞ ഞാൻ…ഹാ…എ
ന്തൊരാനന്ദം!! ആധഃകൃതരിൽ മററാ
ക്കും അലഭ്യമായ ഒരാഹ്ലാദം, ഒരുന്മേ
ഷം! എൻെറ പ്രാണൻ ശരീരത്തി
ൻെറ അതിരുഭേദിച്ച് സ്വതന്ത്രമാ
യി വിഹരിക്കുന്നോ? പ്രഥമസമാഗമ
ത്തിൽ തളർന്ന വിവശയായ പ്രകൃതി
ദേവിയുടെ സുരഭിലസുന്ദരമായ മൃദു
സ്വേദബിന്ദുക്കൾപോലെ തിളങ്ങുന്ന
ആ നക്ഷത്രങ്ങൾ ലോകചരിത്രത്തി
ൻെറ വെണ്മയേറിയ താളുകളിൽ
അനശ്വര യൗവനത്തിൻെറ—നിത്യ
സൗന്ദര്യത്തിൻെറ—വശ്ശീയത പുരളാ
ത്ത സ്വതന്ത്രപ്രേമത്തിൻെറ സുവ
ർണ്ണാക്ഷരായ വരയ്ക്കുകയാണ്!

[ആലോചിച്ചിട്ട്]

എനിക്ക് ഒന്നും പറയാൻ കഴി
ഞ്ഞില്ല. മൂഢയായ എനിക്ക് അദ്ദേ
ഹത്തെ തടുക്കാൻപോലും സാധിച്ചി
ല്ല. ഇക്കാര്യത്തിൽ, ഈ അകാര്യ
ത്തിൽ…സർവ്വസ്വവും ഞാൻതന്നെ
എന്നപോലെ ….ആയിരമായിരം

അമൃതകിരണന്മാരുദിച്ചാലത്തെ ആനന്ദം!

എന്താണദ്ദേഹം പറഞ്ഞത്..... ങാ....ങാ... "നിത്യസൗന്ദര്യം ലഭിക്കട്ടെ, പക്ഷെ പ്രിയെ, പ്രിയൻ സദാ പ്രിയനായിരിക്കയില്ല." ഞാൻ നേരിയ സ്വരത്തിലറിയിച്ചു, "നാഥ, അതെനിക്കിഷ്ടമാണ്" എന്ന്. അദ്ദേഹം അരുളിച്ചെയ്തു, "അങ്ങനെയാവട്ടെ അങ്ങനെയാവട്ടെ." തുള്ളിക്കളിച്ചുകൊണ്ടിരുന്ന എന്റെ പ്രാണൻ പൊട്ടിച്ചിരിച്ചു—

"അങ്ങനെയാവട്ടെ പ്രിയതമാ!"

[മധുരചിന്തകളോടെ മന്ദംമന്ദംനടന്നു മറയുന്നു.]

## ചലനം അഞ്ച്

സമയം സുപ്രഭാതം.

കാലം: മഹാഭാരത യുദ്ധത്തിനുശേഷം.

[വിധവയായ കുമാരി (സത്യവതി)മട്ടുപ്പാവിൽ നില്ക്കുന്നു. ഒരാത്മപരിശോധന നടത്തുമ്പോഴുണ്ടാകുന്ന വിവിധ വികാരങ്ങൾ മുഖത്ത് ഇടയ്ക്കിടെ പ്രത്യക്ഷപ്പെടുന്നുണ്ട്. പുലരിയുടെ ചെങ്കതിരുകൾ അവളുടെ ശരീരമാകെ പവിഴമാല്യമണിയിക്കുന്നു.]

കുമാരി:-

താരുണ്യാബ്ധിയുടെ പരിധി അദ്ദ

ശ്യമായിരിക്കുന്നു. ഹാ. . . .മനസ്സ് കൊടുങ്കാററിൽപെട്ട കരിയിലപോലെ പറക്കുന്നു. ഞാൻ കെട്ടിപ്പടുത്ത സ്വർഗ്ഗം നരകമായി മാറി. ആശയും ആഹ്ലാദവും എന്നെന്നേക്കുമായി അസ്തമിച്ചു. ഈ സൂര്യരശ്മികൾ എന്നെ തീപോലെ പൊള്ളിക്കുന്നു, എത്രപെട്ടെന്ന്! എത്രമാത്രം ദാഹത്തോടെയാണ് അതു് എൻെറ നേർക്ക് നാവുനീട്ടുന്നതു്! ഞാൻ ക്രൂരമായ കാലത്തിൻെറ കരാളമായ അഗ്നിമാലികയാണ്; അണയാത്ത അഗ്നിമാലിക! നിമിഷം പ്രതി ജ്വലിച്ചുയർന്നുകൊണ്ടിരിക്കുന്ന അഗ്നിമാലിക! സൂര്യഗോളംപോലെ ഞാൻ എരിയുന്നു,. എണ്ണമററ പാപകർമ്മങ്ങൾപോലെ പുകഞ്ഞെരിയുന്നു, ഹാ. . ഒടുങ്ങാത്ത യൗവനം– നിത്യയൗവനം അപവാദവും മിത്ഥ്യാവാദവുമാണെന്നൊ സംഭാവന ചെയ്യുന്നതു്? നീലനഭസ്സിൽനിന്ന് ഞെട്ടററടർന്നുവീണ് എരിഞ്ഞുചാരമാകുന്ന നക്ഷത്രംപോലെ ഞാൻ നിരുപയോഗമാണ്; കറുത്തിരുണ്ട പുകച്ചുരുളുമേ

ന്തി ധൂമകേതുവിനെപ്പോലെ അന്തരീക്ഷത്തെ ഭീകരമാക്കുന്നു. ചുടുകണ്ണീരൊഴുക്കിയല്ലാതെ എൻെറ ഹൃദയം തണുക്കുകയില്ല. ജന്മവാസനകൾ കട്ട പിടിച്ച് ആഴിത്തീപോലെ പടർന്നു പിടിക്കുന്നു. ഹാ. . .ശപിക്കപ്പെട്ട യൗവനമേ; നിൻെറ ഗതി വെറും ശൂന്യതയിലേ. . . .ക്കോ?

പ്രഭൊ, ഈ വരം എനിക്കെന്തിനു തന്നു? എന്തിന് കൊള്ളിവച്ചു കിളിർത്തുവരുന്ന ഈ പുൽക്കൊടിയിൽ? അയ്യോ. . .ഈ പുലരി എന്തിനെൻെറ രക്തം ചൂടുപിടിപ്പിക്കുന്നു? ചക്രവാളത്തിൽ നിന്നുകൊണ്ട് സന്ധ്യ എൻെറ മാനസതന്ത്രികളെ ഓരോന്നോരോന്നായി വലിച്ചൂരിക്കൊണ്ട് മന്ദഹസിക്കുന്നു. നിശീഥിനി മൃത്യുവിൻെറ അട്ടഹാസത്തോടെ നീററലിൻേറയും വേദനയുടേയും പൈശാചികമായ കരിനിഴൽകാട്ടി പേടിപ്പെടുത്തുന്നു. അടിമുടി, ഭാവനതൊട്ട് പ്രവൃത്തിവരെ, പ്രാണൻതൊട്ട് ഹൃദയം

വരെ ബോധരഹിതയായി ഞാൻ പാഞ്ഞുനടക്കുന്നു. എന്റെ തല ചുററുന്നു! ഹാ. . . .ഹാ. . .അതാ–അതാ. . . നഗരംമുഴുവൻ കറങ്ങുന്നു, ആകാശം കറങ്ങുന്നു, ലോകമാകെ കറങ്ങുന്നു!

മദത്തിന്റെ പ്രമാദം എപ്പോൾ നിലയ്ക്കും? നാഥാ! തിരിച്ചെടുക്കൂ, തിരിച്ചെടുത്തുകൊള്ളൂ ഈ വരം. എനിക്കിതാവശ്യമില്ല. പരിവർത്തനത്തിന്റെ പൊതുനിയമത്തിലൊതുങ്ങാത്ത ഈ നിത്യയൗവനം എനിക്കുവേണ്ട. ലോകത്തിന്റെ സൗന്ദര്യം മുഴുവൻ എനിയ്ക്കെന്തിനുതന്നു? അതു് ഒരൊററ വ്യക്തിക്കുള്ളതാണോ? അല്ല, അതു് ലോകത്തിനു നൽകുക, എനിക്കു കിട്ടേണ്ടതു് — എനിക്കവകാശമുള്ളതു് — മാത്രം മതിയായിരുന്നു. യൗവനത്തിന്റെ ഇമ്മാതിരി മരവിക്കൽ ഇതിനുമുമ്പു് കണ്ടിട്ടുണ്ടോ? കഷ്ടം! എന്റെ സ്വാർത്ഥം. . . .എല്ലാവർക്കും അവകാശപ്പെട്ട ഒന്നിനെ ഞാൻ ഒററക്കു് തട്ടിയെടുത്തു. . . .അതെ, രാഷ്ട്രം.

ധനം, ഭൂമി, സൗന്ദര്യം, സുഖഭോഗ സാമഗ്രികൾ എല്ലാം എന്റെ സ്വാത്ഥത്തിനുവേണ്ടി ഞാൻ കയ്യടക്കി, ലോകത്തെ നരകഗർത്തത്തിലേക്ക് തള്ളിവിട്ടു. അതിനുവേണ്ടി എത്രയെത്ര രക്തപ്പുഴകളൊഴുക്കി.... എത്രയെത്ര മനുഷ്യർ മരണത്തിനിരയായി ....എല്ലാം എന്റെ സ്വാത്ഥം.... എന്റെ അത്യാഗ്രഹം വരുത്തിവച്ചതാണ്....അതിന്റെ ഫലം ഞാൻ അനുഭവിച്ചു കഴിയും.

[സാവധാനം ഇറങ്ങി മുമ്പിലുള്ള ഉദ്യാനത്തിന്റെ നടുവിലെത്തുന്നു.]

[ഒരു മനോഹര രൂപം ദൃശ്യമാകുന്നു.]

രൂപം –

ഇപ്പോൾ എങ്ങനെ തോന്നുന്നു, പ്രിയെ?

കുമാരി:–

[രണ്ടടി മുമ്പോട്ടു വന്ന്]

ആരു്. . .അവിടുന്നോ. . .ഇവിടെ...
അവിടുന്നു്. . . .

രൂപം:-

[ചിരിച്ചിട്ടു്]

അനംഗൻ ...ഹൃൽചലനത്തിന്റെ സ്രഷ്ടാവു്!

കുമാരി:—

എന്റെ അപമാനഭാരം അപകടം പിടിച്ച ആപത്തുകളുടെ പെരുംചുമടു്— വേഗമങ്ങു തിരിച്ചെടുക്കൂ; ഇതു് താങ്ങാൻ ഞാനാളല്ല. തുച്ഛമായ കുറ്റത്തിനു് ഇത്ര കടുത്ത ശിക്ഷയോ!

രൂപം:-

രാകേന്ദു അമൃതകിരണങ്ങളാൽ ജീവൻ പകർന്നുകൊടുക്കുന്നു, ഗ്രീഷ്മരവി ഉഷ്ണരശ്മികൾ ചൊരിഞ്ഞു് ശക്തിയും ഓജസ്സും പിടിപ്പിക്കുന്നു, ശിശിരം വർഷം ഇവയുടെ പ്രവാഹം മഹത്തായ ഒരു ലക്ഷ്യത്തിലേക്കെത്തിക്കുന്നു; ഇ

താണ്' ജീവിതക്രമം. ഇതേക്രമമാണ്'
യൗവനത്തിനും. യൗവനത്തെ വിക
സിപ്പിക്കൂ, പ്രിയെ! രാഷ്ട്രം, ആർഷ
സംസ്കാരം, സാമൂഹ്യനിയമം, സുഖം
എല്ലാം യൗവനത്തിൻെറ പരിധികൾ
ക്കുള്ളിൽ, പരിവർത്തനത്തിന്റെ കീഴിൽ,
യഥേഷ്ടം വിഹരിച്ചുകൊള്ളട്ടെ. ആ
സ്വദിക്കു, ആഹ്ലാദിക്കൂ, ഈ നിത്യയൗ
വനത്തിൻെറ മാദകലഹരിയിൽ തീ
വ്രവേദനകൾ മറന്നുപോകും, ലോക
നന്മക്കുവേണ്ടി കഠിനയത്നം ചെയ്യാ
ൻ നിനക്കു കഴിയും. ആർഷസംസ്കാര
ത്തിൻെറ ജീർണ്ണിച്ച സാമൂഹ്യനിയമ
ങ്ങളെ വലിച്ചെറിയൂ, എന്റെആദേശം
അനുസരിക്കു, പ്രിയെ! സമഗ്രജീവിത
സുഖത്തോടെ പുതിയ മാർഗ്ഗത്തിനു
വേണ്ടി പ്രയത്നിക്കൂ. ആസ്വദിച്ചാ
നന്ദിക്കു മധുരയൗവനത്തിന്റെ മാദക
ലഹരി. അതലഭ്യമാണ്' ലോകത്തു്.
ലോലലോലമാണതിൻെറ പൂമേനി
യെങ്കിൽ അതികഠിനമാണ്' ഉൾവശം.
അതിൻെറ അജയ്യശക്തി ലോകത്തി
നുപകരിക്കട്ടെ. പ്രിയെ, ആ പാനീ

യം കുടിക്കു, അനശ്വരയൗവനത്തിൽ
മദോന്മത്തയായി വിഹരിക്കു.

കുമാരി:-

ഇതു വിഷമാണ് വിഷം! ജീവിക്കുക ....വിഷമം. മരിക്കുക. . .അതിലുമേറെ വിഷമം! ശ്വാസം മുട്ടിക്കുന്ന ഭീകരനിമിഷങ്ങൾ! വേണ്ട, ഈ വരം എനിക്കു വേണ്ട. മടക്കിയെടുത്തുകൊള്ളു ലോകജനതയ്ക്കുള്ളതു് എനിക്ക് - ഒരൊററ വ്യക്തിക്ക് - സ്വാർത്ഥജടിലമായ ഒരൊററ ഹൃദയത്തിന് -വേണ്ട. . അതു് താങ്ങാൻ സാദ്ധ്യമല്ല. . . എന്റെ അതിമോഹംഎന്നെ ഞെക്കിപ്പിഴിയുന്നു. സൗന്ദര്യവും സമ്പത്തുംആരുടേയും കുത്തകയല്ല. അതു ഞാൻ ഇപ്പോൾ മനസ്സിലാക്കുന്നു. അവ ലോകത്തിന് നൽകേണ്ടതാണ്. ഒരു വ്യക്തിക്കോ സമുദായത്തിനോ അല്ല. അതിൻെറ അവകാശം ലോകത്തിനാണ്. ഹാ. . . ഞാൻ പൊറുക്കാനാവാത്ത അപരാധമല്ലെ ചെയ്തതു്? ഈ പാതകം എന്നെന്നേക്കുമായി അതിൻെറ മായാത്ത മുദ്ര അടിച്ചുകഴിഞ്ഞു എ

ൻെറ ജീവിതഗ്രന്ഥത്തിൽ ഹാ.... എ
ൻെറ ഈ പാപത്തിന് ആരു മാപ്പു
തരും?

ഹ്ഹും...യൗവനം...നിത്യയൗവനം...!
പരിവർത്തനത്തിലൊതുങ്ങാത്ത അന
ശ്വരയൗവനം... എന്നെ ദഹിപ്പി
ക്കുന്നു.

രൂപം:-

നീ നിത്യകന്യകയാണ് പ്രിയെ!
യൗവനത്തിന്റെ ഭാരം എപ്പോഴാണ്
വിഫലമായിട്ടുള്ളതു്? നിൻെറ ഈ
വിലാപം നിരർത്ഥകമാണ്, ജീവിതം
മുഴുവൻ നീ വേദനകൊണ്ടു് പുളയുക
യാവും.

[പോകുന്നു]

കുമാരി:-

ഹാ...എന്റെ ജീവിതത്തിന്റെ പൈ
ശാചികരൂപം ഇതാ നിണമണിഞ്ഞു
നിൽക്കുന്നു... ഇല്ല.... ഇല്ല... അതി
നവസാനമില്ലേ....? അനംഗരംഗത്തി
നവസാനമില്ലേ...? ലോകമെ, പറയൂ,
വേഗം പറയൂ; എൻെറതല കറങ്ങു

ന്നു. കണ്ണുകളിൽ ഇരുട്ട് തിങ്ങിക്കൂട്ടു ന്നു! ദേഹം വിറയ്ക്കുന്നു!.... തൊണ്ട വ രളുന്നു....!

[കണ്ണുകൾ പകുതി അടയുന്നു. ഒരി ടത്തും ഒന്നും കാണുന്നില്ല. നാലുപാടും നിന്നു് കറുത്ത മേലങ്കി ധരിച്ച ആരാ ച്ചാരന്മാരെപ്പോലെ കരിമേഘപടല ങ്ങൾ വന്നുനിറയുന്നു..സൂര്യഗോളം മറ യ്ക്കപ്പെടുന്നു. ഇടിമുഴക്കം! അടുത്ത നി മിഷത്തിൽ ഒരുമൂകതയുടെ ചുററിക്ക റങ്ങൽ]

ഞാൻ പരിശുദ്ധയാകും... ആത്മ പരിശോധന എന്നെ പരിശുദ്ധയാ ക്കും.... ലോകമെ! നീയും ആത്മപരി ശോധന നടത്തൂ... നീയും പരിശുദ്ധ മാകും...

[പെട്ടെന്നു് മൂർഛിച്ചു വീഴുന്നു]

[വീണ്ടും മൂകതയുടെ ഉരുണ്ടുകൂടൽ!]

# വായനക്കാരുടെ മുമ്പിൽ ഞങ്ങൾ സമർപ്പിക്കുന്നു.

## അമ്മ.

(മാക്സിംഗോർക്കി)

ഒന്നാംഭാഗം 2—8—0 രണ്ടാംഭാഗം 2—8—0

## ആത്മബോധം.

ആത്മബോധമില്ലാത്ത ഒരുവൻ യഥാർത്ഥ മനുഷ്യനാകുന്നില്ല. ലളിതമധുരമായ ചെറു പദ്യങ്ങളിൽക്കൂടി അമൂല്യമായ് ആത്മബോധം കൈവരുത്തുക. വില 8 ണ.

## ഡേഞ്ചർലൈററ്

അപകടങ്ങളിൽ നിന്ന് രക്ഷിക്കുന്നതിനുവേണ്ടി ഉപയോഗപ്പെടുത്തിപ്പോരുന്ന ഒരു വിളക്ക്, ഇത് ബൂർഷ്വാചിന്തകൾക്കെതിരായി കൊളുത്തി ഉയർത്തിപ്പിടിച്ചിരിക്കുന്നു. വില 6 ണ.

## അബലയെ അപമാനിച്ചാൽ?

ചരിത്രാതീത കാലംമുതൽ സ്വാർത്ഥത്തിൻേറയും അടിമത്തത്തിൻേറയും വ്യഭിചാരത്തിൻേറയും ദാരിദ്ര്യത്തിൻേറയും വറുതിയുടേയും ക്രൂരതരങ്ങളായ നാടുവാഴിത്ത—സാമൂഹ്യനിയമങ്ങളെ ആർഷസംസ്കാരത്തിൻേറയും കർത്തവ്യത്തിൻേറയും ഗുരുത്വത്തിൻേറയും സർവ്വോപരി മതത്തിൻേറയും ഇരുമ്പുമറ പിടിച്ച് നിലനിർത്തുകയും അതിനെ കൂടുതൽകൂടുതൽ അരക്കിട്ടുറപ്പിക്കുകയും ചെയ്തുപോരുന്ന പുരുഷമേധാവിത്വം സ്ത്രീയോട്—അല്ല, സ്ത്രീജാതിയോടുതന്നെ—കാട്ടിക്കൂട്ടുന്ന മൃഗീയമായ അവഹേളനത്തിൻെറ പരിണതഫലം എന്തായിരിക്കും?

(അച്ചടിയിൽ)

## വെള്ളിഡപ്പി

നീതിന്യായങ്ങൾ ഏതു വഗ്ഗത്തിൻെറ സുരക്ഷിതത്വത്തിന്നുവേണ്ടി നിർമ്മിക്കപ്പെട്ടു? അവ ഇതരവർഗ്ഗത്തെ എത്രകണ്ടു് ചവിട്ടിത്തേച്ചു?—ഗാൽസ്വർത്തി.

വില 1 രൂ 4 ണ

## അവളുടെ കാമുകൻ

സഹൃദയൻെറ അനുഭവങ്ങൾ 'വേദനിപ്പിക്കുന്നവ' യാണു്; എങ്ങും എന്നും.(മാക്സിംഗോക്കി) വില 3 ണ

## ജവാനി

പരുപരുത്ത പരിതഃസ്ഥിതിയുടെ പ്രലോഭനത്താൽ സ്വന്തം യൗവനത്തെ ചവിട്ടിത്തേച്ചു് നരകയാതന അനുഭവിക്കുമ്പോൾ ചിന്തയാകുന്ന സഖാവിൻെറ സഹായത്തോടെ സ്മൃതിയാകുന്ന പ്രേയസിയെ സമീപിച്ചു് ഒരു സ്വയം വിമർശനംതന്നെനടത്തി മനുഷ്യനായിത്തീർന്ന ഒരുവനെ,

അതിശയത്തിൻെറ അഗാധതയിലേക്കു് പിടിച്ചു തള്ളുന്ന ദുഷിച്ചു വഷളായ ഒരു സ്ത്രീഹൃദയത്തെ,

ഗത്യന്തരമില്ലാതെ പണസ്സഞ്ചിയുടെ ഉരുക്കുമുഷ്ടികളുള്ളിൽ കിടന്നു പിടക്കുന്ന ഒരു കലാഹൃദയത്തെ നിങ്ങൾക്കു് കാണണ്ടെ? (അച്ചടിയിൽ)

## മരണത്തിൻെറ നിറം

അതെന്താണു്? അതിൻെറ ബീഭത്സമായ—പൈശാചികമായ സ്വഭാവം എത്രകണ്ടു് മനുഷ്യഹൃദയത്തെ കുത്തി മറിവേല്പിക്കുന്നു, മാനവസമുദായത്തിൽ എന്തെല്ലാം പരിവർത്തനങ്ങൾ സൃഷ്ടിക്കുന്നു, എന്നറിയാൻ ശ്രീ. കിഷൻചന്ദരുടെ ഈ ഗ്രന്ഥം വായിക്കുക. വില 8ണ

# ദർശനരേഖ.

മനുഷ്യമസ്തിഷ്കത്തിൻെറ വിജ്ഞാന ദാഹമാണ് ഇതിലെ ഉള്ളടക്കം. മനുഷ്യന് അതിൻെറ പിന്നിലെന്തു്, എന്നറിയുവാൻ എപ്പോഴും ഒരു വെമ്പലുണ്ടു്. അവൻെറ മുമ്പിലുള്ള പദാർത്ഥങ്ങൾ എങ്ങനെ ഉണ്ടായി അഥവാ ആരുണ്ടാക്കി? അവനറിയണം. അതിനുവേണ്ടി ദേശ-കാലവ്യത്യാസമില്ലാതെ നിരന്തരം പണിയെടുത്തതിൻെറ പ്രത്യക്ഷ പ്രമാണമാണ് **ദർശനരേഖ.**

---

Cover designed By കെ. വി. മണലിക്കര.

Printed at:
THE KESAVA VILASOM PRESS
& PUBLISHING HOUSE MANALIKARA.
MAIKAMANDAPOM P. O. (T. C. S.)



Indic Digital Archive Foundation
gpura.org